## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4389** **10-08-2021 - ൽ മറുപടിയ്ക്ക്**

## കോതമംഗലം മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിലുണ്ടാകുന്ന കൃഷിനാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിലെ വിവിധ ജനവാസമേഖലകളിൽ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങൾ നിരന്തരമായി കൃഷിനാശം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും പരിഹാരമാർഗ്ഗം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇത്തരം കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് കവളങ്ങാട് ഗ്രാമപഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ നേര്യമംഗലം ഫോറസ്റ്റ് റേഞ്ച് പരിധിയിലും കോതമംഗലം ഫോറസ്റ്റ് റേഞ്ച് പരിധിയിലും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുവാൻ വനംവകുപ്പ് 2011-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് 16.02.2019ലെ സ.ഉ.(കൈ) നം.7/2019/വനം പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതുമാണ്. ജനജാഗ്രതാ സമിതിയുടെ നിർദ്ദേശ പ്രകാരം വനത്തോട് ചേർന്ന പ്രദേശങ്ങളിലെ കേടായ സ്ട്രീറ്റ് ലൈറ്റ് മാറ്റി പുതിയത് സ്ഥാപിച്ചിട്ടുമുണ്ട്. |
| (സി) | ഇത്തരത്തിൽ ഇവിടെ വന്യമൃഗ ആക്രമണത്തിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (സി) | ഇത്തരത്തിൽ ഇവിടെ വന്യമൃഗ ആക്രമണം മൂലം ഉണ്ടാകുന്ന വിളകളുടെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വനം വകുപ്പ് ഓഫീസിനാണ് കർഷകർ അപേക്ഷകൾ നൽകിയിരിക്കുന്നത്. വിള ഇൻഷ്വർ ചെയ്ത കർഷകരുടെ വിളകൾ വന്യജീവികളുടെ ആക്രമണം മൂലം നശിച്ചാൽ മാത്രമാണ് കൃഷി വകുപ്പ് മുഖാന്തിരം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നല്കുന്നത്. വിള ഇൻഷ്വർ ചെയ്ത കർഷകരുടെ നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു. |
| (ഡി) | നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; പഞ്ചായത്ത് തിരിച്ചുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ; | (ഡി) | നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടില്ല. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നൽകിയ നഷ്ടപരിഹാര തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർക്കുന്നു. |
| (ഇ) | ഇത്തരത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടോ; വിശദാംശം നൽകാമോ; | (ഇ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം - III ആയി ചേർക്കുന്നു. |
| (എഫ്) | കാലതാമസം ഒഴിവാക്കി അർഹരായ മുഴുവൻ പേർക്കും നഷ്ടപരിഹാര തുക വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| പഞ്ചായത്ത് | വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക അനുവദിച്ച നൽകിയത് |
|---|---|
| 1) കോട്ടപ്പടി | 6,03,500/- |
| 2) കുട്ടമ്പുഴ | 63,750/- |
| 3) കവളങ്ങാട് | 66,350/- |
| 4) പിണ്ടിമന | 1,10,200/- |

സെക്ഷൻ ഓഫീസർ

Scanned with CamScanner

## അനുബന്ധം - III

| പഞ്ചായത്ത് | വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക അനുവദിച്ച് നല്കാനുള്ളത് |
|---|---|
| 1) കോട്ടപ്പടി | 2,75,800/- |
| 2) കീരമ്പാറ | 1,46,810/- |
| 3) കവളങ്ങാട് | 24,600/- |
| 4) പിണ്ടിമന | 28,800/- |

സെക്ഷൻ ഓഫീസർ

Scanned with CamScanner